# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 790 02.12.2015-ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന കാൻസർ രോഗികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജുപോൾ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതും മരണപ്പെട്ടതുമായ കാൻസർ രോഗികളുടെ എണ്ണം വർഷ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ആർ.സി.സി.യിൽ രജിസ്റ്റർ ചെയ്യുന്നതും മരണപ്പെട്ടതുമായ കാൻസർ രോഗികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു.<br>ആർ.സി.സി.യിൽ 2011-2015 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്. |

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| തിരുവനന്തപുരം | 3133 | 3276 | 3394 | 3614 |
| കൊല്ലം | 2396 | 2496 | 2552 | 2802 |
| പത്തനംതിട്ട | 785 | 781 | 773 | 932 |
| ആലപ്പുഴ | 775 | 839 | 819 | 898 |
| കോട്ടയം | 442 | 378 | 473 | 497 |
| ഇടുക്കി | 221 | 226 | 214 | 256 |
| എറണാകുളം | 546 | 539 | 611 | 550 |
| തൃശ്ശൂർ | 713 | 881 | 880 | 883 |
| പാലക്കാട് | 814 | 911 | 895 | 953 |
| കോഴിക്കോട് | 532 | 515 | 456 | 482 |
| മലപ്പുറം | 994 | 1047 | 1047 | 1120 |
| വയനാട് | 101 | 124 | 112 | 113 |
| കണ്ണൂർ | 468 | 395 | 356 | 364 |
| കാസർഗോഡ് | 189 | 218 | 187 | 204 |
| **ആകെ** | **12109** | **12626** | **12769** | **13669** |

2011-2015 കാലയളവിൽ തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട രോഗികളുടെ കണക്ക്.

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| തിരുവനന്തപുരം | 260 | 264 | 308 | 277 |
| കൊല്ലം | 108 | 126 | 113 | 103 |
| പത്തനംതിട്ട | 40 | 28 | 25 | 33 |
| ആലപ്പുഴ | 24 | 25 | 27 | 35 |
| കോട്ടയം | 25 | 17 | 22 | 15 |
| ഇടുക്കി | 9 | 11 | 11 | 9 |
| എറണാകുളം | 15 | 20 | 23 | 18 |
| തൃശ്ശൂർ | 28 | 41 | 28 | 34 |
| പാലക്കാട് | 22 | 32 | 46 | 53 |
| കോഴിക്കോട് | 15 | 14 | 19 | 22 |
| മലപ്പുറം | 25 | 30 | 35 | 47 |
| വയനാട് | 5 | 3 | 5 | 4 |
| കണ്ണൂർ | 14 | 14 | 13 | 15 |
| കാസർഗോഡ് | 4 | 8 | 5 | 5 |
| **ആകെ** | **594** | **633** | **680** | **670** |

(സി) കാൻസർ പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

ക്യാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം ആർ.സി.സി, എം.സി.സി, 5 മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങൾക്ക് പുറമേ എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദരോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യവകുപ്പിൽ ക്യാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടമാർക്കും, നേഴ്സുമാർക്കും റീജണൽ കാൻസർ സെന്ററിൽ വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ ആരംഭിക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചു.

എല്ലാ വർഷവും സ്കൂൾ, കോളേജ് തലത്തിൽ ക്യാൻസർ ബോധവൽക്കരണ പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ആരോഗ്യവകുപ്പിൽ പ്ലാൻ പദ്ധതിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതും എല്ലാ ജില്ലകളിലും അത് നടപ്പിലാക്കി വരുന്നതുമാണ്. ഗ്രാമ പ്രദേശങ്ങളിൽ ക്യാൻസർ സ്ക്രീനിംഗ് നടത്തുന്നതിനും പ്രത്യേക പദ്ധതികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരികയാണ്.<br>ക്യാൻസർ പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.<br>മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവൽക്കരണത്തിന്റെയും, ക്യാൻസർ നിയന്ത്രണ ത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്,കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യതുടർവിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നു.<br>കാൻസറിനെതിരെ ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ ശക്തമായ ബോധവൽക്കരണം നടക്കുന്നുണ്ട്. ബോധവൽക്കരണത്തിനും മുൻകൂർ കാൻസർ നിർണ്ണയത്തിനുമായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം തന്നെ ആർ.സി.സി.യിൽ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും, മുൻകൂർ കാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ആർ.സി.സി. യിലെ പബ്ലിക്ക് റിലേഷൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പൊതുമാധ്യമങ്ങളിലൂടെ വിവിധ പരിപാടികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കാൻസറിനെക്കുറിച്ചുള്ള ലേഖനങ്ങൾ എന്നിവയും ബോധനപ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി യിട്ടുണ്ട്. കുടുംബശ്രീ ആർ.സി.സി. യുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാൻസർ ബോധന സന്ദേശം |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനുള്ള "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ തുടങ്ങിക്കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ ബോധനപ്രവർത്തനങ്ങൾ മറ്റു ജില്ലകളിലും നടപ്പാക്കുന്നുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആർട്സ് & സ്പോർട്സ് ക്ലബുകൾ, വായനശാലകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ ഈ ബോധനപ്രവർത്തനങ്ങൾ നടത്താൻ ആർ.സി.സി.യ്ക്ക് കഴിയുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**